## പതിനാലാം കേരള നിയമസഭ

### നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം.1699 — 06/03/2017-ൽ മറുപടിക്ക്

### ഹജ്ജ് എംബാർക്കേഷൻ പോയിന്റ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല<br>,, മഞ്ഞളാംകുഴി അലി<br>,, സി.മമ്മൂട്ടി<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ : | ശ്രീ.കെ.ടി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) ഹജ്ജ് എംബാർക്കേഷൻ പോയിന്റ് കോഴിക്കോട്ട് നിന്നും താല്ക്കാലികമായി മാറ്റാനിടയാക്കിയ സാഹചര്യമെന്തായിരുന്നു എന്ന് വ്യക്തമാക്കുമോ; | എ) 2015ൽ കോഴിക്കോട് വിമാനത്താവളത്തിൽ അറ്റകുറ്റ പണികൾ നടക്കുന്നതിന്റെ ഭാഗമായി വലിയ വിമാനങ്ങൾ നിരോധിക്കുകയും ചെറിയ വിമാനങ്ങൾക്ക് സമയ ക്രമമേർപ്പെടുത്തുകയും ചെയ്തതിന്റെ ഭാഗമായാണ് 2015 ലേയും 2016-ലേയും ഹജ്ജ് എമ്പാർക്കേഷൻ പോയന്റ് താൽക്കാലികമായി നെടുമ്പാശ്ശേരിയിലേക്ക് മാറ്റിയത്. |
| ബി) ഭൂരിപക്ഷ ഹജ്ജ് തീർത്ഥാടകർക്കും സൗകര്യപ്രദമായതും എല്ലാ അടിസ്ഥാനസൗകര്യങ്ങളും ലഭ്യമായിട്ടുള്ളതുമായ കോഴിക്കോട് സെന്റർ ഒഴിവാക്കിയതുമൂലം തീർത്ഥാടകർ നേരിടേണ്ടിവരുന്ന കടുത്ത പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ഹജ്ജ് യാത്രികരിൽ ഭൂരിഭാഗവും മലപ്പുറം, കോഴിക്കോട് ജില്ലകളിൽ നിന്നുള്ളവരായതിനാൽ എമ്പാർക്കേഷൻ പോയിന്റ് കരിപ്പൂരിൽ നിന്ന് മാറ്റിയത് ഭൂരിപക്ഷം തീർത്ഥാടകർക്കും ബുദ്ധിമുട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) കരിപ്പൂർ വിമാനത്താവളം എല്ലാ ആധുനിക സൗകര്യങ്ങളുമോടെ ഈ വർഷം മാർച്ച് മാസത്തിൽ സജ്ജമാകുന്ന സാഹചര്യം പരിഗണിച്ച് എംബാർക്കേഷൻ പോയിന്റ് കോഴിക്കോട്ട് തന്നെ പുനഃസ്ഥാപിച്ചുകിട്ടാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | സി) ഈ വർഷം തന്നെ ഹജ്ജ് എമ്പാർക്കേഷൻ പോയിന്റ് കോഴിക്കോട്ടേക്ക് മാറ്റുന്നതിനു സംസ്ഥാന സർക്കാരും ഹജ്ജ് കമ്മിറ്റിയും ശ്രമങ്ങൾ നടത്തി വരികയാണ്. എന്നാൽ റീ കാർപ്പറ്റിംഗ് പൂർത്തിയായെങ്കിലും റൺവേ നീളം കൂട്ടാത്തതിനാൽ ഹജ്ജ് സർവ്വീസിന് അനുയോജ്യമായ വലിയ വിമാനങ്ങൾ സർവ്വീസ് നടത്താൻ സാധിക്കില്ല എന്നാണ് ബന്ധപ്പെട്ട വൃത്തങ്ങളിൽ നിന്ന് കിട്ടിയ വിവരം. എന്നാൽ ഹജ്ജ് യാത്രികരിൽ ഭൂരിഭാഗവും മലപ്പുറം, കോഴിക്കോട് ജില്ലകളിൽ നിന്നുള്ളവ |

രായതിനാൽ എമ്പാർക്കേഷൻ പോയിന്റ് കരിപ്പൂരിൽ തന്നെ നില നിർത്താനുള്ള ശ്രമം തുടർന്നുവരിക യാണ്.

എംബാർക്കേഷൻ കോഴിക്കോടിൽ നിലനിർത്തണമെന്നാവശ്യപ്പെട്ടു കൊണ്ട്, കേന്ദ്ര സിവിൽ വ്യോമ യാന മന്ത്രി, ന്യൂനപക്ഷ വകുപ്പ് മന്ത്രി എന്നിവരുമായി, സംസ്ഥാന സർക്കാരിന് വേണ്ടി തദ്ദേശസ്വയം ഭരണ ന്യൂനപക്ഷക്ഷേമ വകുപ്പ് മന്ത്രിയും ന്യൂനപക്ഷക്ഷേമ വകുപ്പ് സെക്രട്ടറിയും നേരിൽകണ്ട് അഭ്യർത്ഥിച്ചിരുന്നു. കൂടാതെ ഹജ്ജ് കമ്മിറ്റിയും ഈ വിഷയത്തിൽ ബന്ധപ്പെട്ട് കൊണ്ടിരിക്കുകയാണ്. കേന്ദ്ര ഹജ്ജ് കമ്മിറ്റി ചെയർമാൻ, ശ്രീ. ചൗധരി മെഹ്ബൂബ് അലി കൈസർ 25.01.2017 ന് ഹജ്ജ് ഹൗസ് സന്ദർശിച്ചപ്പോൾ പ്രസ്തുത കാര്യങ്ങൾ നേരിട്ട് ബോധ്യപ്പെടുത്തിയിട്ടുള്ളതുമാണ്. കേരളത്തിലെ രാജ്യ സഭാ, ലോക് സഭാ എം.പി മാരുടെയും മറ്റു പ്രധാനപ്പെട്ട വ്യക്തികളുടെയും പിന്തുണ കൂടി ഇക്കാര്യത്തിൽ സംസ്ഥാന ഹജ്ജ് കമ്മിറ്റി തേടിയിട്ടുണ്ട്. സംസ്ഥാന ഹജ്ജ് കമ്മിറ്റി ചെയർമാന്റെ നേതൃത്വത്തിൽ ബന്ധപ്പെട്ട കേന്ദ്ര മന്ത്രിമാരെ നേരിൽ ഉടനെ കണ്ട് കാര്യങ്ങൾ അവതരിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്..

സെക്ഷൻ ഓഫീസർ